"ഭരണഭാഷ- മാതൃഭാഷ"

പതിനാലാം കേരള നിയമസഭ

<u>പതിനാറാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ 5388

18.11.2019 ൽ മറുപടിയ്ക്ക്

പ്രാദേശിക മാധ്യമപ്രവർത്തകർക്ക് ക്ഷേമനിധി

| ചോദ്യം<br>**ശ്രീ. അബ്ദുൽ ഹമീദ് പി** | | മറുപടി<br>**പിണറായി വിജയൻ<br>( മുഖ്യമന്ത്രി )** | |
|---|---|---|---|
| (എ) | പ്രാദേശിക പത്രപ്രവർത്തകർക്ക് ക്ഷേമനിധി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിന്റെ പുരോഗതി വ്യക്തമാക്കാമോ; | (എ) & (ബി) | പത്ര-ദൃശ്യ-ഓൺലൈൻ മാധ്യമങ്ങൾക്ക് പ്രധാനമായി അച്ചടിമാധ്യമങ്ങൾക്കും പഞ്ചായത്ത് തലം വരെ പ്രാദേശിക ലേഖകകരുണ്ട്. ഇവരിൽ മിക്കവരും അവരുടെ പലവിധ തൊഴിലുകളിൽ ഒന്ന് മാത്രമായി പ്രാദേശിക പത്രപ്രവർത്തനം നിർവ്വഹിക്കുന്നവരാണ്. 2008 ലെ അൺ ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമ (കേന്ദ്രനിയമം) പ്രകാരം 02/02/2016 ലെ സ.ഉ. (പി) നമ്പർ 24/2016/തൊഴിൽ മുഖേന നിലവിൽ വന്ന കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ പദ്ധതിയിൽ അംഗമായി ചേരുവാനുള്ള അവസരം പ്രാദേശിക പത്ര പ്രവർത്തകർക്ക് ഇപ്പോൾ നിലവിലുണ്ട്. വർക്കിംഗ് ജേർണലിസ്റ്റ് (കണ്ടീഷൻസ് ഓഫ് സർവ്വീസസ് & മിസ്സലേനിയസ് പ്രൊവിഷൻസ്) ആക്ട് 1955-ന്റെ പരിധിയിൽ വരാത്തവരും, ഫ്രീലാൻസ് പത്രറിപ്പോർട്ടർ, സ്ട്രിംഗർ തുടങ്ങി ഒരു പ്രത്യേക തൊഴിലുടമയില്ലാതെ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും ഈ പദ്ധതിയിൽ അംഗങ്ങളാകാം. ഈ ക്ഷേമപദ്ധതി മുഖേന റിട്ടയർമെന്റ് ആനുകൂല്യം, വാർദ്ധക്യകാല പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ സഹായം, വിദ്യാഭ്യാസ ആനുകൂല്യം, പ്രസവാനുകൂല്യം, വിവാഹ ധനസഹായം, മരണാനന്തര ആനുകൂല്യം, അപകട ആനുകൂല്യം, |
| (ബി) | ഇക്കാര്യത്തിൽ തീരുമാനം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | എന്നിവയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. കേരളത്തിലെ പത്ര-ദൃശ്യ-ഡിജിറ്റൽ മാധ്യമരംഗത്ത് പ്രവർത്തിക്കുന്ന മറ്റ് ക്ഷേമനിധിയിൽ അംഗങ്ങളല്ലാത്ത തൊഴിലാളികളെ ടി പദ്ധതിയിൽ അംഗങ്ങളാക്കുന്നതിന് 19/08/2019 ലെ സ.ഉ.(സാധാ) നം 1005/2019/തൊഴിൽ പ്രകാരം ഉത്തരവ് നല്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ അംഗങ്ങളാവുന്നവർക്ക് "രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന" പദ്ധതി പ്രകാരം ചികിത്സാസഹായം ലഭിക്കുവാൻ അർഹതയില്ലാത്ത സാഹചര്യത്തിൽ, അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും സർക്കാർ ആശുപത്രികളിലോ കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡ് അംഗീകരിച്ചിട്ടുള്ള ആശുപത്രികളിലോ ഇൻപേഷ്യന്റായുള്ള ചികിത്സയ്ക്ക് അംഗത്വകാലയളവിനുള്ളിൽ പരമാവധി 10,000/- രൂപ ചികിത്സ സഹായമായി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ